മംഗളം

Sep 24, 2016



▪ സി.എം.എഫ്.ആർ.ഐയുടെ നേതൃത്വത്തിലുള്ള കടൽകൂടുകൃഷി

# സി.എം.എഫ്.ആർ.ഐ. സംരംഭത്തിന് ദേശീയ അംഗീകാരം

കൊച്ചി: കേന്ദ്ര സമുദ്രമൽസ്യ ഗവേഷണസ്ഥാപനം (സി.എം.എഫ്.ആർ.ഐ) വികസിപ്പിച്ച കൂടുമൽസ്യക്കൃഷി സമ്പ്രദായത്തിനു ദേശീയ അംഗീകാരം.

സി.എം.എഫ്.ആർ.ഐയുടെ വെരാവൽ റീജണൽ സെന്ററിനു കീഴിൽ നടന്ന കടൽ കൂടുകൃഷി സംരംഭത്തിൽ മികച്ച നേട്ടം കൈവരിച്ചതിനു ഗുജറാത്തിലെ സീദി ഗോത്രവിഭാഗത്തിൽനിന്നുള്ള ഹസൻഭായി മുസംഗര ജുമാഭായിക്ക് വൈവിധ്യമായ കൃഷിരീതിക്കുള്ള രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമായ പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ കൃഷി പുരസ്കാരം ലഭിച്ചു.



▪ ഹസൻഭായി മുസംഗര ജുമാഭായി

കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിലുള്ള ഐ.സി.എ.ആർ. എല്ലാ വർഷവും നൽകിവരുന്ന പുരസ്കാരമാണിത്. 50,000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.